DEPARTMENT OF HEALTH SERVICES KERALA

ആരോഗ്യ കുടുംബക്ഷേമ വകുപ്പ്

NATIONAL HEALTH MISSION
ആരോഗ്യകേരളം

# ആരോഗ്യ രംഗത്തെ വികസന പ്രവർത്തനങ്ങൾ

## 2021 - 2025






**ജില്ലാ മെഡിക്കൽ ഓഫീസ് (ആരോഗ്യം)**
**ദേശീയ ആരോഗ്യ ദൗത്യം**
**കാസറഗോഡ്**

# ഉള്ളടക്കം

| | |
|---|---|
| കാസറഗോഡ് ജില്ല ഒറ്റനോട്ടത്തിൽ | 02 |
| അടിസ്ഥാന വിവരങ്ങൾ | 03 |
| ആമുഖം | 04 |
| പ്രധാന നേട്ടങ്ങൾ ഒറ്റ നോട്ടത്തിൽ 2021-2025 | 05 |
| ആരോഗ്യമേഖലയിൽ കരുത്തോടെ കാഞ്ഞങ്ങാട് നിയോജക മണ്ഡലം | 06 |
| ആരോഗ്യമേഖലയിൽ കരുതലോടെ കാസറഗോഡ് നിയോജക മണ്ഡലം | 10 |
| ആരോഗ്യമേഖലയിൽ തിളങ്ങി തൃക്കരിപ്പൂർ നിയോജക മണ്ഡലം | 13 |
| മാറ്റത്തിന്റെ മാറ്റൊലി തീർത്ത് മഞ്ചേശ്വരം നിയോജകമണ്ഡലം | 16 |
| ആരോഗ്യ മേഖലയിൽ ഉണർവോടെ ഉദുമ നിയോജക മണ്ഡലം | 19 |



# കാസറഗോഡ് ജില്ല ഒറ്റനോട്ടത്തിൽ

കേരളത്തിന്റെ ഏറ്റവും വടക്കൻ ജില്ലയായ ഏഴ് ഭാഷകളുടെ നാട് എന്നറിയപ്പെടുന്ന കാസറഗോഡ് 1984 മെയ് 24 ന് അന്നത്തെ കണ്ണൂർ ജില്ലയിൽ നിന്ന് വേർപെടുത്തിയാണ് രൂപീകൃതമായത്. കിഴക്ക് കർണാടകയിലെ കൊഡഗു ജില്ലയും പടിഞ്ഞാറ് അറേബ്യൻ കടലും വടക്ക് കർണാടകയിലെ ദക്ഷിണ കന്നഡ ജില്ലയും തെക്ക് കണ്ണൂർ ജില്ലയും അതിർത്തിയിലാണ്. അധിനിവേശത്തിന്റെയും ചെറുത്തുനിൽപ്പിന്റെയും വിശാലമായ ചരിത്രം, ചരിത്ര കോട്ടകളുടെ സാക്ഷ്യപത്രങ്ങൾ, ആധുനിക ശിലായുഗത്തിലെ നൂതന സംസ്ക്കാരത്തിന്റെ അവശിഷ്ടങ്ങൾ, ചെങ്കല്ലറകൾ, മുനിയറകൾ, നന്നങ്ങാടികൾ, ചരിത്രത്തിന്റെ ലിഖിതങ്ങൾ എന്നിവയുള്ള കാസറഗോഡിനെ സംസ്ഥാനത്തിന്റെ കിരീടമായി കണക്കാക്കാം. ഭരണാധികാരികളും അവരുടെ സമ്പ്രദായങ്ങളും, പടിഞ്ഞാറൻ ഘട്ടിലെ പച്ചപ്പ് നിറഞ്ഞ ഉയർന്ന പ്രദേശങ്ങൾ, മിഡ്‌ലാന്റ്സ്, വൈവിധ്യമായ ആരാധനാരീതികൾ, സംസ്കാരവും ഭാഷകളും പങ്കിടുന്ന രീതി എന്നിവയിലെല്ലാം കാസറഗോഡ് പ്രശസ്തി നേടിയിട്ടുണ്ട്.

അറബികൾക്ക് ഹാർക്വില്ലിയ എന്ന പേരിലാണ് കാസറഗോഡ് അറിയപ്പെട്ടിരുന്നത്. ഒൻപതാം നൂറ്റാണ്ടിനും പതിനാലാം നൂറ്റാണ്ടിനും ഇടയിൽ നിരവധി അറബ് സഞ്ചാരികൾ കാസറഗോഡ് സന്ദർശിച്ചു. 1514 ൽ കാസറഗോഡിനടുത്തുള്ള കുംബ്ല സന്ദർശിച്ച പോർച്ചുഗീസ് സഞ്ചാരിയായ ഡുവാർട്ട് ബോർബോസ, മാലദ്വീപിലേക്ക് നാണയത്തിനായി അരി കയറ്റുമതി ചെയ്യുന്നതായി രേഖപ്പെടുത്തി. 64 മലയാള, തുളു ഗ്രാമങ്ങളുള്ള കുംബഌ രാജ്യത്തിന്റെ ഭാഗമായിരുന്നു കാസറഗോഡ്. വിജയനഗര സാമ്രാജ്യം കോലതിരി രാജയിൽ നിന്ന് കാസറഗോഡിനെ ആക്രമിക്കുകയും തലസ്ഥാനങ്ങളിലൊന്നായി നിലേശ്വരവുമായി ബന്ധിപ്പിക്കുകയും ചെയ്തു. വിജയനഗര സാമ്രാജ്യത്തിന്റെ തകർച്ചയിൽ ഈ പ്രദേശത്തിന്റെ ഭരണം ഇക്കേരി നായകന്മാർക്കായിരുന്നു. വിജയനഗര സാമ്രാജ്യത്തിന്റെ തകർച്ചയുടെ തുടക്കത്തിൽ വെങ്കപ്പ നായക ഇക്കേരിക്ക് സ്വാതന്ത്ര്യം പ്രഖ്യാപിച്ചു. ശിവപ്പ നായക നിർമ്മിച്ചതോ പുതുക്കിയതോ ആയ കോട്ടകളുടെ ശൃംഖലയായി കുംബ്ല, ചന്ദ്രഗിരി, ബേക്കൽ എന്നിവ കണക്കാക്കപ്പെടുന്നു.

പാരമ്പര്യത്തിന്റെ ഇത്രയും വിശാലമായ ചരിത്രത്താൽ അനുഗ്രഹീതമാണെങ്കിലും ആരോഗ്യ മേഖലയിൽ മറ്റ് ജില്ലകളെക്കാൾ പിന്നിലാണ് കാസറഗോഡ്. അതുകൊണ്ടു തന്നെ ഇത് സംസ്ഥാനത്തിലും രാജ്യത്തിലും പ്രത്യേക പരിഗണന അർഹിക്കുന്ന ജില്ലയാണ്. 1978 മുതൽ 2000 വരെയുള്ള കാലയളവിൽ എൻഡോസൾഫാൻ വിഷം കാസറഗോഡിലേക്ക് ദേശീയവും അന്തർദേശീയവുമായ ശ്രദ്ധ ആകർഷിച്ചു. രാസ കീടനാശിനികൾക്കെതിരായ പോരാട്ടം ജില്ലയിൽ തുടർന്നുകൊണ്ടേയിരിക്കുന്നു.

# അടിസ്ഥാന വിവരങ്ങൾ

| | |
|---|---|
| വിസ്തീർണ്ണം | :1992 സ്ക്വയർ കി.മീ |
| ജനസംഖ്യ | :1,307,375 |
| ജനസാന്ദ്രത | :660/km$^2$ (1.700/sq mi) |
| സാക്ഷരതാനിരക്ക് | :90.09% |
| താലൂക്ക് | :04 |
| വില്ലേജുകൾ | :128 |
| ബ്ലോക്കുകൾ | :06 |
| പഞ്ചായത്തുകൾ | :38 |
| മുനിസിപ്പാലിറ്റികൾ | :03 |
| പാർലമെന്റ് മണ്ഡലം | :01 |
| നിയമസഭാ മണ്ഡലം | :05 |
| സ്ഥാപിതമായ വർഷം | :1984 |
| ജില്ലാ ആസ്ഥാനം | :കാസറഗോഡ് |
| താലൂക്കുകൾ | :മഞ്ചേശ്വരം, കാസറഗോഡ്, വെള്ളരിക്കുണ്ട്, ഹൊസ്ദുർഗ്ഗ് |
| ഭാഷകൾ | :82.7% മലയാളം |
| | :8.8% തുളു |
| | :4.2% കന്നഡ |
| | :1.8% മറാത്തി |
| | :2.5% മറ്റുള്ളവ |
| മതവിഭാഗങ്ങൾ | :55.8% ഹിന്ദുക്കൾ |
| | :37.2% മുസ്ലിം |
| | :6.7% ക്രിസ്ത്യൻ |
| | :0.3% മറ്റുള്ളവ |
| ലിംഗാനുപാതം | : 1080/1000 |

2011 ലെ സെൻസസ് പ്രകാരം

# ആമുഖം



2021 മുതൽ 2025 വരെയുള്ള കാലയളവിൽ കാസർഗോഡ് ജില്ലയിലെ ആരോഗ്യ രംഗത്ത് നിരവധി വികസന പ്രവർത്തനങ്ങൾ ഈ സർക്കാർ വന്നതിനു ശേഷം നടപ്പിലാക്കിട്ടുണ്ട്. ജില്ലയിലെ സമഗ്ര ആരോഗ്യ വികസനം ലക്ഷ്യമിട്ട് സർക്കാർ നിരവധി പദ്ധതികൾക്ക് തുടക്കമിട്ടു. കാസർഗോഡ് മെഡിക്കൽ കോളേജിന്റെ അടിസ്ഥാന സൗകര്യ വികസനം, ജില്ലയുടെ ചിരകാല സ്വപ്നമായ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയുടെ പ്രവർത്തനം, ജില്ലാ ആശുപത്രിയിലും ജനറൽ ആശുപത്രിയിലും ആരംഭിച്ച ജനോപകാരപ്രദമായ വിവിധ വികസന പ്രവർത്തനങ്ങൾ, പുതിയ ആശുപത്രി കെട്ടിടങ്ങളുടെ നിർമാണം, നവകേരളകർമ്മപദ്ധതി ആർദ്രം മിഷനിലൂടെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെ നവീകരണം എന്നിവ ആരോഗ്യരംഗത്ത് നടന്ന പ്രധാന വികസന പ്രവർത്തനങ്ങളാണ്. മാതൃശിശു ആരോഗ്യ പദ്ധതികൾ, ആരോഗ്യ ബോധവത്ക്കരണ ക്യാമ്പുകൾ, ഡിജിറ്റൽ ഹെൽത്ത് കാർഡുകൾ എന്നിവയും ജില്ലാ ജനാരോഗ്യ നിലവാരം മെച്ചപ്പെടുത്തുന്നതിൽ നിർണായക പങ്കുവഹിച്ചു.

# പ്രധാന നേട്ടങ്ങൾ ഒറ്റ നോട്ടത്തിൽ 2021 -2025

- കാസറഗോഡ് മെഡിക്കൽ കോളേജിൽ നെഫ്രോളജി, ന്യൂറോളജി, റുമറ്റോളജി തുടങ്ങിയ സൂപ്പർ സ്പെഷ്യാലിറ്റി സേവനങ്ങളും മറ്റ് സ്പെഷ്യാലിറ്റി ഒ പി സേവനങ്ങളും ആരംഭിച്ചു.
- കാഞ്ഞങ്ങാട് ജില്ലാ ആശുപത്രിയിൽ സ്പെഷ്യൽ ന്യൂ ബോൺ കെയർ യൂണിറ്റ്, സി എസ് എസ് ഡി, പീഡിയാട്രിക് വാർഡ്, കാത് ലാബ് തുടങ്ങിയവയും ബ്രോങ്കോസ്കോപ്പി സേവനം, കാർഡിയോളജി, ന്യൂറോളജി തുടങ്ങിയ സൂപ്പർ സ്പെഷ്യാലിറ്റി സേവനങ്ങളും ഇ ഇ ജി മെഷീൻ സേവനവും ആരംഭിച്ചു.
- കാസറഗോഡ് ജനറൽ ആശുപത്രിയിൽ ഇ സി ആർ പി യിലൂടെ 63 ലക്ഷം രൂപ ഉപയോഗിച്ച് പീഡിയാട്രിക് യൂണിറ്റ് സജ്ജീകരിച്ചു പ്രവർത്തനമാരംഭിച്ചു.
- കേരള സർക്കാരിന്റെ പ്ലാൻ ഫണ്ടിൽ അനുവദിച്ച 37 ലക്ഷം രൂപഉപയോഗിച്ച് പെരിയ, മംഗൽപാടി എന്നിവിടങ്ങളിൽ ഐസൊലേഷൻ വാർഡ് സജ്ജീകരിച്ചു.
- കേരള സർക്കാരിന്റെ പ്ലാൻ ഫണ്ട് 36 ലക്ഷം രൂപ വീതം ഉപയോഗിച്ച് ജില്ലയിലെ 05 സാമൂഹ്യ ആരോഗ്യ കേന്ദ്രങ്ങളെ ബ്ലോക്ക് കുടുംബാരോഗ്യകേന്ദ്രങ്ങളായി ഉയർത്തി.
- ദേശീയ ആരോഗ്യ ദൗത്യം ആർ ഓ പി ഫണ്ടിലൂടെ അനുവദിച്ച 7 ലക്ഷംരൂപ വീതംവിനിയോഗിച്ചു ജില്ലയിലെ 64 സബ്സെന്ററുകളെ ജനകീയ ആരോഗ്യ കേന്ദ്രങ്ങളായി ഉയർത്തി.
- ജന്മനാ ഹൃദയ വൈകല്യമുള്ള 18 വയസ്സ് വരെയുള്ള കുട്ടികൾക്ക് കേരള സർക്കാർ നടപ്പിലാക്കുന്ന ഹൃദ്യം പദ്ധതിയിലൂടെ 413 കുട്ടികൾക്ക് സൗജന്യ ശസ്ത്രക്രിയ പൂർത്തിയാക്കി.
- സർക്കാർ ആശുപത്രികളെ ദേശീയ നിലവാരത്തിലേക്ക് ഉയർത്തുന്നതിന്റെ ഭാഗമായി നടപ്പിലാക്കുന്ന എൻ ക്യു എ സ് അക്രഡിറ്റേഷ്ന്റെ ഭാഗമായി ഈ കാലയളവിൽ ജില്ലയിലെ 13 ആരോഗ്യ സ്ഥാപനകൾക്ക് എൻ ക്യു എ സ്അക്രഡിറ്റേഷൻ ലഭിച്ചു. കൂടാതെ 20 സ്ഥാപനങ്ങൾക്ക് കായകല്പ പുരസ്കാരവും 11 സ്ഥാപനങ്ങൾക്ക് കാഷ് അംഗീകാരവും, 1 ആശുപത്രിക്ക് കുഞ്ഞിനും അമ്മയ്ക്കും സൗഹൃദപരമായ ആശുപത്രി (MBFHI - Mother and Baby Friendly Hospital Initiative) അംഗീകാരവും ലഭിച്ചു.



# ആരോഗ്യമേഖലയിൽ കരുത്തോടെ കാഞ്ഞങ്ങാട്



കാഞ്ഞങ്ങാട് ജില്ലാ ആശുപത്രിയിൽ നവജാതശിശുകൾക്ക് പ്രത്യേക പരിചരണം നല്കുന്നതിനായി ദേശീയ ആരോഗ്യ ദൗത്യം മുഖേന 50 ലക്ഷം രൂപ ഉപയോഗിച്ച് ആധുനിക നിലവാരത്തിൽ നിർമ്മിച്ച സ്പെഷ്യൽ ന്യൂ ബോൺകെയർ യൂണിറ്റ് പ്രവർത്തനം ആരംഭിച്ചു.



കാസറഗോഡ് വികസന പാക്കേജിലൂടെ അനുവദിച്ച 1.50 കോടി രൂപ വിനിയോഗിച്ചു കാഞ്ഞങ്ങാട് ജില്ലാ ആശുപത്രിയിൽ സി എസ് എസ് ഡി (Central Sterile Supply Department (CSSD)) സജ്ജീകരിച്ചു.

കാഞ്ഞങ്ങാട് ജില്ലാ ആശുപത്രിയിൽ ECRP യിലൂടെ 36 ലക്ഷം രൂപ ഉപയോഗിച്ച് പീഡിയാട്രിക് വാർഡ് സജ്ജമാക്കി.



കാർഡിയോളജി, ന്യൂറോളജി തുടങ്ങിയ സൂപ്പർ സ്പെഷ്യാലിറ്റി സേവനങ്ങളും ഇ ഇ ജി മെഷീൻ സേവനവും ആരംഭിച്ചു.

വെള്ളരിക്കുണ്ട് കുടുംബാരോഗ്യകേന്ദ്രത്തെ 2 കോടി രൂപ വിനിയോഗിച്ചു പുതിയ കെട്ടിടം നിർമ്മിക്കുകയും സ്ഥാപനത്തെ ബ്ലോക്ക് കുടുംബാരോഗ്യകേന്ദ്രമായി ഉയർത്തുകയും ചെയ്തു.





കേരള സർക്കാരിന്റെ പ്ലാൻ ഫണ്ടിൽ അനുവദിച്ച 8 കോടി വിനിയോഗിച്ചു കാഞ്ഞങ്ങാട് ജില്ലാ ആശുപത്രിയിൽ ആധുനിക സൗകര്യത്തോടുകൂടി കാത് ലാബ് സജ്ജീകരിച്ചു. കൂടാതെ ഇവിടെ ആഞ്ജിയോഗ്രാം ആന്ജിയോപ്ലാസ്റ്റി തുടങ്ങിയവയുംആരംഭിച്ചു . 7 ബെഡ്ഡോട് കൂടിയുള്ള സി സി യു വും തയ്യാറാണ്.




ജില്ലയുടെ ചിരകാല സ്വപ്നമായ സ്ത്രീകളുടെയും കുട്ടികളുടെയുംആശുപത്രി പ്രവർത്തനാരംഭിക്കുകയും എൻ എച് എം ആർ ഓ പിഫണ്ടിലൂടെ 2.85 കോടി രൂപഉപയോഗിച്ച് ആധുനിക രീതിയിലുള്ള ഓപ്പറേഷൻതിയേറ്റർ സജ്ജീകരിക്കുകയും ചെയ്തു.

കാഞ്ഞങ്ങാട് ജില്ലാ ആശുപത്രിയിൽ മലിന ജലം കൃത്യമായി പരിപാലിക്കുന്നതിനായി സീവേജ് ട്രീറ്റ്മെൻറ്പ്ലാന്റ് ഒരു കോടി 25 ലക്ഷം രൂപ വിനിയോഗിച്ചു പദ്ധതി പൂർത്തിയാക്കി .



പൂടംകല്ല് താലൂക്ക് ആശുപത്രിയിൽ ഒരു കോടി രൂപ വിനിയോഗിച്ചു ജില്ലയുടെ മലയോര മേഖലയിലെ ആദ്യത്തെ സംരംഭമായി ലക്ഷ്യ നിലവാരത്തിൽ ലേബർ ബ്ലോക്ക് സജ്ജികരിച്ചു.

ബ്രോങ്കോസ്കോപ്പി സേവനം ആരംഭിച്ചു.








കിഫ്ബിയിൽ ഉൾപ്പെടുത്തി 86 ലക്ഷം രൂപ ചിലവഴിച്ചു പൂടംകല്ല് താലൂക്ക് ആശുപത്രിയിൽ പുതിയ ഡയാലസിസ് യൂണിറ്റ് പ്രവത്തനമാരംഭിച്ചു.

കാസറഗോഡ് വികസന പാക്കേജിൽ 1.72 കോടി രൂപ വിനിയോഗിച്ച് അജാനൂർ കുടുംബാരോഗ്യകേന്ദ്രത്തിനു പുതിയ കെട്ടിട സമുച്ചയം പൂർത്തിയായി. ആർദ്രം നിലവാരത്തിലുള്ള എല്ലാവിധ ആരോഗ്യസേവനകളും ഇവിടെ ലഭ്യമാകുന്നു.



കാസറഗോഡ് വികസന പാക്കേജിൽ 3.30 കോടി രൂപ വിനിയോഗിച്ച് മടിക്കൈ കുടുംബാരോഗ്യകേന്ദ്രത്തിനു പുതിയ കെട്ടിട സമുച്ചയം പൂർത്തിയാക്കി. ആർദ്രം നിലവാരത്തിലുള്ള എല്ലാവിധ ആരോഗ്യസേവനകളും ഇവിടെ ലഭ്യമാകുന്നു.

കാസറഗോഡ് വികസന പാക്കേജിൽ 1.80 കോടി രൂപ വിനിയോഗിച്ച് എണ്ണപ്പാറ കുടുംബാരോഗ്യകേന്ദ്രത്തിനു പുതിയ കെട്ടിട സമുച്ചയം പൂർത്തിയാക്കി. ആർദ്രം നിലവാരത്തിലുള്ള എല്ലാവിധ ആരോഗ്യസേവനകളും ഇവിടെ ലഭ്യമാകുന്നു.



കാസറഗോഡ് വികസന പാക്കേജിൽ 60 ലക്ഷം രൂപ വിനിയോഗിച്ച് ആനന്ദാശ്രമം കുടുംബാരോഗ്യകേന്ദ്രത്തിനു പുതിയ കെട്ടിട സമുച്ചയം പൂർത്തിയാക്കി. ആർദ്രം നിലവാരത്തിലുള്ള എല്ലാവിധ ആരോഗ്യസേവനകളും ഇവിടെ ലഭ്യമാകുന്നു.






എൻ എച് എം ഫണ്ടായ 87 ലക്ഷം രൂപ വിനിയോഗിച്ച് കൊന്നക്കാട് കുടുംബാരോഗ്യകേന്ദ്രത്തിനു പുതിയ കെട്ടിട സമുച്ചയത്തിന്റെ പ്രവർത്തി പുരോഗമിക്കുന്നു.

പൂടംകല്ല് താലൂക്ക് ആശുപത്രിയിൽ 1.25 കോടി രൂപ വിനിയോഗിച്ചു നിർമിക്കുന്ന ഐസൊലേഷൻ വാർഡിന്റെ പ്രവർത്തി പുരോഗമിക്കുന്നു.




കാഞ്ഞങ്ങാട് ദേശീയ ആരോഗ്യ ദൗത്യം ആർ ഓ പി ഫണ്ടിൽ അനുവദിച്ച ഒരു കോടി 80 ലക്ഷം ഉപയോഗിച്ച് നിർമിക്കുന്ന ജില്ലാ വാക്സിൻ സ്റ്റോർ പൂർത്തിയായി.

കാഞ്ഞങ്ങാട് നിയോജക മണ്ഡലത്തിലെ 14 സബ് സെന്ററുകളെ 7 ലക്ഷം രൂപ വിനിയോഗിച്ചു ജനകീയ ആരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തി.





# ആരോഗ്യമേഖലയിൽ കരുത്തലോടെ കാസറഗോഡ് നിയോജക മണ്ഡലം



കാസറഗോഡ് മെഡിക്കൽ കോളേജിൽ നെഫ്രോളജി, ന്യൂറോളജി, റുമറ്റോളജി തുടങ്ങിയ സൂപ്പർ സ്പെഷ്യാലിറ്റി സേവനങ്ങളും മറ്റ് സ്പെഷ്യാലിറ്റി ഒ പി സേവനങ്ങളും ആരംഭിച്ചു.



കാസറഗോഡ് മെഡിക്കൽ കോളേജിൽ സ്റ്റാഫ് ക്വാട്ടേസിന് തറക്കല്ലിട്ടു. കാസറഗോഡ് വികസന പാക്കാജിൽ 29 കോടി രൂപ ഉപയോഗിച്ചാണ് ഇത് നിർമ്മിക്കുന്നത്.

കാസറഗോഡ് ജനറൽ ആശുപത്രിയിൽ 1.25 കോടി കാസറഗോഡ് വികസന പാക്കേജിൽ അനുവദിച്ചു നിർമിക്കുന്ന സീവേജ് ട്രീറ്റമെന്റ് പ്ലാന്റ് പ്രവർത്തി പുരോഗമിക്കുന്നു.



കാസറഗോഡ് ജനറൽ ആശുപത്രിയിൽ ഇ സി ആർ പി യിലൂടെ 63 ലക്ഷം രൂപ ഉപയോഗിച്ച് കുട്ടികൾക്ക് സ്പെഷ്യൽ പരിചരണം നൽകുന്ന എസ് എൻ സി യു, അമ്മക്കും കുഞ്ഞിനുമുള്ള വാർഡുകൾ ഉൾപ്പെടയുള്ള പീഡിയാട്രിക് യൂണിറ്റ് സജ്ജീകരിച്ചു പ്രവർത്തനമാരംഭിച്ചു. 5 ഓക്സിജൻ ബെഡുക്കളും, 4 എച് ഡി യൂ, 2 ഐ സി യു ബെഡ്ഡുകളും ഇവിടെ സജ്ജമാണ്.







കാസറഗോഡ് ജനറൽ ആശുപത്രിയിൽ നബാർഡിൽ ഉൾപ്പെടുത്തി 7 കോടി രൂപയും, കാസറഗോഡ് വികസന പാക്കേജിൽ 3.5 കോടി രൂപ ഉപയോഗിച്ച് നിർമ്മിക്കുന്ന പുതിയ ഐ പി കെട്ടിടത്തിന്റെ പ്രവർത്തി പുരോഗമിക്കുന്നു.

PM-ABHIM പദ്ധതിയിൽ ഉൾപ്പെടുത്തി 1.25 കോടി രൂപ വിനിയോഗിച്ചു ഇന്റഗ്രേറ്റഡ് പബ്ലിക് ഹെൽത്ത് ലാബ് സജ്ജീകരിച്ചു പ്രവർത്തനം ആരംഭിച്ചു.



കാസറഗോഡ് വികസന പാക്കേജിൽ 1.95 കോടി രൂപ വിനിയോഗിച്ച് ചെങ്കള കുടുംബാരോഗ്യകേന്ദ്രത്തിനു പുതിയ കെട്ടിട സമുച്ചയം പൂർത്തിയായി. ആർദ്രം നിലവാരത്തിലുള്ള എല്ലാവിധ ആരോഗ്യസേവനകളും ഇവിടെ ലഭ്യമാകുന്നു.

പൂടംകല്ല് താലൂക്ക് ആശുപത്രിയിൽ ഒരു കോടി രൂപ വിനിയോഗിച്ചു ജില്ലയുടെ മലയോര മേഖലയിലെ ആദ്യത്തെ സംരംഭമായി ലക്ഷ്യ നിലവാരത്തിൽ ലേബർ ബ്ലോക്ക് സജ്ജികരിച്ചു.




കാസറഗോഡ് വികസന പാക്കേജിൽ 1 കോടി രൂപ വിനിയോഗിച്ച് ബെള്ളൂർ കുടുംബാരോഗ്യകേന്ദ്രത്തിനു പുതിയ കെട്ടിട സമുച്ചയം പൂർത്തിയായി. ആർദ്രം നിലവാരത്തിലുള്ള എല്ലാവിധ ആരോഗ്യസേവനകളും ഇവിടെ ലഭ്യമാകുന്നു.






കാസറഗോഡ് വികസന പാക്കേജിൽ 80 ലക്ഷം രൂപ വിനിയോഗിച്ച് കുമ്പഡാജെ കുടുംബാരോഗ്യകേന്ദ്രത്തിനു പുതിയ കെട്ടിട സമുച്ചയം പൂർത്തിയായി. ആർദ്രം നിലവാരത്തിലുള്ള എല്ലാവിധ ആരോഗ്യസേവനകളും ഇവിടെ ലഭ്യമാകുന്നു.



ദേശീയ ആരോഗ്യ ദൗത്യം ആർ ഓ പി ഫണ്ട് 36 ലക്ഷം രൂപ ഉപയോഗിച്ച് സി എച് സി ബധിയടുക്കയെ ബ്ലോക്ക് കുടുംബാരോഗ്യകേന്ദ്രമായി ഉയർത്തി.

കാസറഗോഡ് നിയോജക മണ്ഡലത്തിലെ 8 സബ് സെന്ററുകളെ 7 ലക്ഷം രൂപ വിനിയോഗിച്ചു ജനകീയ ആരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തി. അവിടെ എം എൽ എസ്പി മാരെ നിയമിക്കുകയും ചെയ്ത് പ്രാഥമിക ആരോഗ്യ പരിരക്ഷ ഉറപ്പുവരുത്തുകയും ചെയ്യുന്നു.






# ആരോഗ്യമേഖലയിൽ തിളങ്ങി തൃക്കരിപ്പൂർ നിയോജക മണ്ഡലം



തൃക്കരിപ്പൂർ താലൂക്ക് ആശുപത്രിയുടെ വിപുലീകരണത്തിനായി 2 കോടി രൂപ വിനിയോഗിച്ചു പുതിയ കെട്ടിടം നിർമ്മിച്ചു. ഇതിൽ ഓ പി സേവനം, ഐ പി സൗകര്യങ്ങൾ തുടങ്ങിയ സജ്ജീകരിച്ചു.

ദേശീയ ആരോഗ്യ ദൗത്യം ആർ ഓ പി ഫണ്ടിൽ ഉൾപ്പെടുത്തി ഒരു കോടി രൂപ വിനിയോഗിച്ചു തൃക്കരിപ്പൂർ താലൂക്ക് ആസ്പത്രിയിൽ ലക്ഷ്യ നിലവാരത്തിലുള്ള ഓപ്പറേഷൻ തിയറ്ററിന്റെയും വാർഡിന്റെയും സിവിൽ പ്രവർത്തി പൂർത്തിയായി.



നീലേശ്വരം താലൂക്ക് ആശുപത്രിയിൽ എൻ എച് എം ആർ ഓ പി ഫണ്ട് 2 കോടി രൂപ ചിലവഴിച്ചു ലക്ഷ്യ നിലവാരത്തിൽ നിർമിക്കുന്ന ലേബർ ബ്ലോക്കിന്റെ പ്രവർത്തി പുരോഗമിക്കുന്നു.



കാസറഗോഡ് വികസന പാക്കേജിൽ 2 കോടി രൂപ രൂപ വിനിയോഗിച്ച് ജില്ലയുടെ മലയോരഗ്രാമമായ നർകിലക്കാട് കുടുംബാരോഗ്യകേന്ദ്രത്തിന് പുതിയ കെട്ടിട സമുച്ചയം പൂർത്തിയായി. ആർദ്രം നിലവാരത്തിലുള്ള എല്ലാവിധ ആരോഗ്യസേവനകളും ഇവിടെ ലഭ്യമാകുന്നു.

കാസറഗോഡ് വികസന പാക്കേജിൽ 2.65 കോടി രൂപ വിനിയോഗിച്ച് ചിറ്റാരിക്കാൽ കുടുംബാരോഗ്യകേന്ദ്രത്തിനു പുതിയ കെട്ടിട സമുച്ചയ പ്രവർത്തി പുരോഗമിക്കുന്നു.






കാസറഗോഡ് വികസന പാക്കേജിൽ 87 ലക്ഷം രൂപ വിനിയോഗിച്ച് മാവിലക്കടപ്പുറം കുടുംബാരോഗ്യകേന്ദ്രത്തിനു പുതിയ കെട്ടിട സമുച്ചയം പൂർത്തിയായി. ആർദ്രം നിലവാരത്തിലുള്ള എല്ലാവിധ ആരോഗ്യസേവനകളും ഇവിടെ ലഭ്യമാകുന്നു.

1.8 കോടി രൂപ വിനിയോഗിച്ച് കോവിഡ് കാലഘട്ടങ്ങളിലും മറ്റു പകർച്ചവ്യധികളുടെ സമയത്തും രോഗികൾക്ക് സുരക്ഷിതമായ ചികിത്സ ഉറപ്പുവരുത്തുന്നതിനായി ഐസോലെഷൻ വാർഡിന്റെ പ്രവർത്തി പുരോഗമിക്കുന്നു.



കാസറഗോഡ് വികസന പാക്കേജിൽ 1.75 കോടി രൂപ വിനിയോഗിച്ച് ഉടുമ്പുതല കുടുംബാരോഗ്യകേന്ദ്രത്തിനു പുതിയ കെട്ടിട സമുച്ചയം പൂർത്തിയായി.



കാസറഗോഡ് വികസന പാക്കേജിൽ 1.65 കോടി രൂപ വിനിയോഗിച്ച് ഓലാട്ട് കുടുംബാരോഗ്യകേന്ദ്രത്തിനു പുതിയ കെട്ടിട സമുച്ചയം പൂർത്തിയായി. ആർദ്രം നിലവാരത്തിലുള്ള എല്ലാവിധ ആരോഗ്യസേവനകളും ആശുപത്രി ഉപകരണങ്ങളും ഇവിടെ സജ്ജീകരിച്ചിട്ടുണ്ട്.

തൃക്കരിപ്പൂർ നിയോജക മണ്ഡലത്തിലെ 25 സബ് സെന്ററുകളെ 7 ലക്ഷം രൂപ വിനിയോഗിച്ചു ജനകീയ ആരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തി.





കാസറഗോഡ് വികസന പാക്കേജിൽ 1.65 കോടി രൂപ വിനിയോഗിച്ച് പടന്ന കുടുംബാരോഗ്യകേന്ദ്രത്തിനു പുതിയ കെട്ടിട സമുച്ചയം പൂർത്തിയായി. ആർദ്രം നിലവാരത്തിലുള്ള എല്ലാവിധ ആരോഗ്യസേവനകളും ആശുപത്രി ഉപകരണങ്ങളും ഇവിടെ സജ്ജീകരിച്ചിട്ടുണ്ട്.




കാസറഗോഡ് വികസന പാക്കേജിൽ 1.2 കോടി രൂപ വിനിയോഗിച്ച് വലിയപറമ്പ കുടുംബാരോഗ്യകേന്ദ്രത്തിനു പുതിയ കെട്ടിട സമുച്ചയം പൂർത്തിയായി. ആർദ്രം നിലവാരത്തിലുള്ള എല്ലാവിധ ആരോഗ്യസേവനകളും ആശുപത്രി ഉപകരണങ്ങളും ഇവിടെ സജ്ജീകരിച്ചിട്ടുണ്ട്.



കാസറഗോഡ് വികസന പാക്കേജിൽ 1.30 കോടി രൂപ വിനിയോഗിച്ച് തൈക്കടപ്പുറം കുടുംബാരോഗ്യകേന്ദ്രത്തിനു പുതിയ കെട്ടിട സമുച്ചയം പൂർത്തിയായി. ആർദ്രം നിലവാരത്തിലുള്ള എല്ലാവിധ ആരോഗ്യസേവനകളും ആശുപത്രി ഉപകരണങ്ങളും ഇവിടെ സജ്ജീകരിച്ചിട്ടുണ്ട്.

മണ്ഡലത്തിലെ പുളിയുന്നുർ, കാവുംതല, തുരുത്തി, തൈക്കടപ്പുറം എന്നീ സബ് സെന്ററുകൾക്ക് ദേശീയ ദേശീയ ആരോഗ്യദൗത്യം ആർ ഓ പി ഫണ്ടിൽ 55 ലക്ഷം രൂപ വിനിയോഗിച്ചു പുതിയ കെട്ടിടം പൂർത്തിയായി.




# മാറ്റത്തിന്റെ മാറ്റൊലി തീർത്ത് മഞ്ചേശ്വരം നിയോജകമണ്ഡലം




മംഗൽപാടി താലൂക്ക് ആശുപത്രിയിൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി 17.47 കോടി രൂപ വിനിയോഗിച്ച് നിർമ്മിക്കുന്ന പുതിയ കെട്ടിട സമുച്ചയത്തിന്റെ ടെൻഡർ നടപടികൾ പൂർത്തിയായി.

മണ്ഡലത്തിലെ പെർള, പുത്തിഗെ, അംഗടിമുഗർ, ആരിക്കാടി, ബായാർ പ്രഥമിക ആരോഗ്യകേന്ദ്രങ്ങളെ നവകേരളം കർമ്മപദ്ധതിയിൽ ആർദ്രം മിഷനിലൂടെ 15.5 ലക്ഷം രൂപ വിനിയോഗിച്ച് കുടുംബാരോഗ്യകേന്ദ്രങ്ങളായി ഉയർത്തി.



താലൂക്ക് ആശുപത്രി മംഗല്പാടിയിൽ കോവിഡ് കാലഘട്ടങ്ങളിലും മറ്റു പകർച്ചവ്യധികളുടെ സമയത്തും രോഗികൾക്ക് സുരക്ഷിതമായ ചികിത്സ ഉറപ്പുവരുത്തുന്നതിനായി കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി 1.80 കോടി രൂപ വിനിയോഗിച്ച ഐസോ ലെഷൻ വാർഡിന്റെ പ്രവർത്തി പൂർത്തീകരിച്ചു പ്രവർത്തന സജ്ജമായി.



മഞ്ചേശ്വരം ബ്ലോക്ക് കുടുബാ രോഗ്യകേന്ദ്രത്തിൽ 4.7 കോടി രൂപ ദേശീയ ആരോഗ്യ ദൗത്യം ആർ ഓ പി ഫണ്ടിലൂടെയും 3.5 കോടി പ്ലാൻ ഫണ്ടിലും നിർമ്മിക്കുന്ന പുതിയ കെട്ടിട സമുച്ചയത്തിന്റെ ടെൻഡർ നടപടികൾ പൂർത്തീകരിച്ചു.






കാസറഗോഡ് വികസന പാക്കേജിൽ 1.45 കോടി രൂപ വിനിയോഗിച്ച് പുത്തിഗെ കുടുംബാരോഗ്യകേന്ദ്രത്തിന് പുതിയ കെട്ടിട സമുച്ചയം പൂർത്തിയായി. ആർദ്രം നിലവാരത്തിലുള്ള എല്ലാവിധ ആരോഗ്യസേവനകളും ഇവിടെ ലഭ്യമാകുന്നു.



കാസറഗോഡ് വികസന പാക്കേജിൽ 1.65 കോടി രൂപ വിനിയോഗിച്ച് വോർക്കാടി കുടുംബാരോഗ്യകേന്ദ്രത്തിന് പുതിയ കെട്ടിട സമുച്ചയം പൂർത്തിയായി. ആർദ്രം നിലവാരത്തിലുള്ള എല്ലാവിധ ആരോഗ്യസേവനകളും ഇവിടെ ലഭ്യമാകുന്നു.

കാസറഗോഡ് വികസന പാക്കേജിൽ 85 ലക്ഷം രൂപ വിനിയോഗിച്ച് അംഗടിമുഗർ കുടുംബാരോഗ്യകേന്ദ്രത്തിന് പുതിയ കെട്ടിട സമുച്ചയം പൂർത്തിയായി. ആർദ്രം നിലവാരത്തിലുള്ള എല്ലാവിധ ആരോഗ്യസേവനകളും ഇവിടെ ലഭ്യമാകുന്നു.



കാസറഗോഡ് വികസന പാക്കേജിൽ 95 ലക്ഷം രൂപ വിനിയോഗിച്ച് ആരിക്കാടി കുടുംബാരോഗ്യകേന്ദ്രത്തിന് പുതിയ കെട്ടിട സമുച്ചയം പൂർത്തിയായി. ആർദ്രം നിലവാരത്തിലുള്ള എല്ലാവിധ ആരോഗ്യസേവനകളും ഇവിടെ ലഭ്യമാകുന്നു.







കാസറഗോഡ് വികസന പാക്കേജിൽ 1.50 കോടി രൂപ വിനിയോഗിച്ച് ബായാർ കുടുംബാരോഗ്യകേന്ദ്രത്തിന് പുതിയ കെട്ടിട സമുച്ചയം പൂർത്തിയായി. ആർദ്രം നിലവാരത്തിലുള്ള എല്ലാവിധ ആരോഗ്യസേവനകളും ഇവിടെ ലഭ്യമാകുന്നു. മികച്ച ഭൗതിക സാഹചര്യങ്ങളും എല്ലാ മെഡിക്കൽ ഉപകരണങ്ങളൂം ഇവിടെ ലഭ്യമാകുന്നു .




കാസറഗോഡ് വികസന പാക്കേജിൽ 75 ലക്ഷം രൂപ വിനിയോഗിച്ച് വാണിനഗർ കുടുംബാരോഗ്യകേന്ദ്രത്തിന് പുതിയ കെട്ടിട സമുച്ചയം പൂർത്തിയായി. ആർദ്രം നിലവാരത്തിലുള്ള എല്ലാവിധ ആരോഗ്യസേവനകളും ഇവിടെ ലഭ്യമാകുന്നു. മികച്ച ഭൗതിക സാഹചര്യങ്ങളും എല്ലാ മെഡിക്കൽ ഉപകാരണങ്ങളൂം ഇവിടെ ലഭ്യമാക്കിട്ടുണ്ട്.

മഞ്ചേശ്വരം നിയോജക മണ്ഡലത്തിലെ 14 സബ് സെന്ററുകളെ 7 ലക്ഷം രൂപ വിനിയോഗിച്ചു ജനകീയ ആരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തി. മണ്ഡലത്തിലെ സബ്സെന്ററുകളായ ഉജ്ജാർ ഉൾവർ, കടമ്പാർ 55 ലക്ഷം രൂപ വിനിയോഗിച്ചു ജനകീയ ആരോഗ്യകേന്ദ്രങ്ങളായി ഉയർത്തുന്നതിനുള്ള പ്രവർത്തി പുരോഗമിക്കുന്നു. അടുക്കസ്ഥല 37 ലക്ഷം രൂപ വിനിയോഗിച്ചു ജനകീയ ആരോഗ്യകേന്ദ്രങ്ങളായി ഉയർത്തി.



മഞ്ചേശ്വരം കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ 37.5 ലക്ഷം രൂപ വിനിയോഗിച്ചു ഓ പി ഡി വിപുലീകരണം പൂർത്തിയായി പ്രവർത്തനം ആരംഭിച്ചു.




# ആരോഗ്യമേഖലയിൽ ഉണർവോടെ ഉദുമ നിയോജക മണ്ഡലം



സി എച് സി പെരിയയിൽ ഒരു കോടി 58 ലക്ഷം രൂപ വിനിയോഗിച്ച് കോവിഡ് കാലഘട്ടങ്ങളിലും മറ്റു പകർച്ചവ്യധികളുടെ സമയത്തും രോഗികൾക്ക് സുരക്ഷിതമായ ചികിത്സ ഉറപ്പുവരുത്തുന്നതിനായി ഐസോലെഷൻ വാർഡിന്റെ പ്രവർത്തി പൂർത്തീകരിച്ചു പ്രവർത്തന സജ്ജമായി.



ഉദുമ മണ്ഡലത്തിലെ ബെന്തുടുക്ക പ്രാഥമിക ആരോഗ്യകേന്ദ്രത്തിന് കാസറഗോഡ് വികസന പാക്കേജിൽ ഉൾപ്പെടുത്തി 1.83 കോടി രൂപ വിനിയോഗിച്ചു ആധുനിക സൗകര്യത്തോട് കൂടിയുള്ള കെട്ടിടനിർമ്മാണം പുരോഗമിക്കുന്നു.

അടൂർ പ്രാഥമിക ആരോഗ്യകേന്ദ്രത്തിന് കാസറഗോഡ് വികസന പാക്കേജിൽ ഉൾപ്പെടുത്തി 1 കോടി രൂപ വിനിയോഗിച്ചു ആധുനിക സൗകര്യത്തോട് കൂടിയുള്ള കെട്ടിടനിർമ്മാണം പൂർത്തിയായി. കൂടാതെ സ്ഥാപനത്തെ ആർദ്രം നിലവാരത്തിലേക്ക് ഉയർത്തുകയും ചെയ്തു.



ഉദുമ നിയോജക മണ്ഡലത്തിലെ 14 സബ് സെന്ററുകളെ 7 ലക്ഷം രൂപ വിനിയോഗിച്ചു ജനകീയ ആരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തി.






ചട്ടംചാൽ പ്രാഥമിക ആരോഗ്യകേന്ദ്രത്തിന് കാസറഗോഡ് വികസന പാക്കേജിൽ ഉൾപ്പെടുത്തി 1.73 കോടി രൂപ വിനിയോഗിച്ചു മികച്ച-ആധുനിക ഭൗതിക സൗകര്യത്തോടുകൂടിയുള്ള കെട്ടിട നിർമാണം പൂർത്തിയായി. കൂടാതെ സ്ഥാപനത്തെ ആർദ്രം നിലവാരത്തിലേക്ക് ഉയർത്തുകയും ചെയ്തു.



ഉദുമ കുടുംബാരോഗ്യകേന്ദ്രത്തിന്റെ 1.7 കോടി രൂപ വിനിയോഗിച്ചു മികച്ച ആധുനിക-ഭൗതിക സൗകര്യത്തോടുകൂടിയുള്ള കെട്ടിട നിർമാണം പൂർത്തിയായി.

എൻ എച്ച് എം ആർ ഓ പി ഫണ്ട് 37.5 ലക്ഷം രൂപ വിനിയോഗിച്ച് സി എച് സി പെരിയ ആശുപത്രിയെ ബ്ലോക്ക് കുടുംബാരോഗ്യകേന്ദ്രമായി ഉയർത്തി.



ഉദുമ മണ്ഡലത്തിലെ പള്ളിക്കര പ്രാഥമിക ആരോഗ്യകേന്ദ്രത്തിന് കാസറഗോഡ് വികസന പാക്കേജിൽ ഉൾപ്പെടുത്തി 33.5 ലക്ഷം രൂപ വിനിയോഗിച്ചു ആധുനിക സൗകര്യത്തോട് കൂടിയ മികച്ച ഭൗതിക സൗകര്യത്തോടുകൂടിയുള്ള കെട്ടിട നിർമാണം പൂർത്തിയായി. കൂടാതെ സ്ഥാപനത്തെ ആർദ്രം നിലവാരത്തിലേക്ക് ഉയർത്തുകയും തീരദേശമേഖലയിലെ ജനങ്ങൾക്ക് ആരോഗ്യ പരിരക്ഷ ഉറപ്പുവരുത്തുകയും ചെയ്യുന്നു






ഉദുമ നിയോജക മണ്ഡലത്തിലെ സബ്സെന്ററുകളായ അരമങ്ങാനം 67 ലക്ഷം രൂപ വിനിയോഗിച്ചും, 55.5 ലക്ഷം വീതം രൂപ വിനിയോഗിച്, പനയാൽ, പടിഞ്ഞാറക്കര, ദേലംപാടി എന്നീ സ്ഥാപനങ്ങളെ ജനകീയ ആരോഗ്യകേന്ദ്രങ്ങളായി ഉയർത്തി.

ബേഡകം താലൂക്ക് ആശുപത്രിയിൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി 13.22 കോടി രൂപ വിനിയോഗിച്ചുള്ള പുതിയ കെട്ടിട നിർമാണത്തിനുള്ള ടെൻഡർ നടപടികൾ പൂർത്തിയായി.



PM ABHIM പദ്ധതിയിൽ ഉൾപ്പെടുത്തി 23.5 കോടി വിനിയോഗിച്ചു ടാറ്റ ട്രസ്റ്റ് ആശുപത്രിയിൽ നിർമിക്കുന്ന ക്രിട്ടിക്കൽ കെയർ യൂണിറ്റ് ആരംഭിക്കുന്നതിനായിയുള്ള ടെൻഡർ നടപടികൾ പൂർത്തിയായി



താലൂക്ക് ആശുപത്രി ബേഡഡുക്കയിൽ **2.37** കോടി നബാർഡ് ഫണ്ടിൽ ഉൾപ്പെടുത്തി പുതിയ കെട്ടിട സമുച്ചയം സജ്ജീകരിച്ചു. ഇതിൽ ഓ പി, ഐ പി ഉൾപ്പെടയുള്ള വിവിധ ഡിപ്പാർട്മെന്റ്കൾ സജ്ജീകരിക്കുകയും ജനങ്ങൾക്ക് തുറന്നുകൊടുക്കുകയും ചെയ്തു.

# മാനവശേഷി വികസനം 2021-2025
# ദേശീയ ആരോഗ്യ ദൗത്യം

| Category | No. of staff | | | | |
|---|---|---|---|---|---|
| | **2021** | **2022** | **2023** | **2024** | **2025** |
| Staff Burse | 72 | 78 | 82 | 97 | 98 |
| MLSP | 52 | 146 | 185 | 206 | 202 |
| Lab technician | 21 | 21 | 22 | 24 | 25 |
| Pharmacist | 25 | 26 | 27 | 36 | 36 |
| Doctors | 26 | 26 | 27 | 35 | 36 |
| Others | 237 | 243 | 220 | 269 | 267 |
| **Total** | **433** | **540** | **563** | **667** | **664** |

# ആശ പദ്ധതി-ഹോണറേറിയം 2021-2025

| Year | Amount |
|---|---|
| 2021-22 | 64803000 |
| 2022-23 | 64523860 |
| 2023-24 | 66285400 |
| 2024-25 | 78588600 |
| 2025-26 | 12289200 |